പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

കൊട്ടാരക്കര മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ റോഡുകൾ

27.06.2014 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4620

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കൊട്ടാരക്കര മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കുകയും പണി ആരംഭിക്കുകയും നിർമ്മാണം പൂർത്തീകരിക്കാതെ ഉപേക്ഷിക്കുകയും ചെയ്ത റോഡുകളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കൊട്ടാരക്കര മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കുകയും പണി ആരംഭിക്കുകയും നിർമ്മാണം പൂർത്തീകരിക്കാതെ ഉപേക്ഷിച്ചതുമായ പ്രവൃത്തികൾ ഇല്ല. |
| (ബി) | എന്തു കാരണങ്ങളാലാണ് പ്രസ്തുത പണികൾ പൂർത്തിയാക്കാതെ ഉപേക്ഷിക്കാനിടയായത് എന്ന് വിശദമാക്കുമോ; | (ബി) | |
| (സി) | പ്രസ്തുത പ്രവൃത്തികളിൽ ടെർമിനേറ്റ് ചെയ്യപ്പെട്ടവയുടെയും പൂർത്തീകരിക്കാൻ സാധ്യതയുള്ളവയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

കരാർ ടെർമിനേറ്റ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ദർഘാസ് ക്ഷണിക്കുന്നതിന് ശുപാർശ ചെയ്തിരുന്ന പ്രവൃത്തികൾ ചുവടെ ചേർത്തിരിക്കുന്നു.

| ബ്ലോക്ക് | ഗ്രാമപഞ്ചായത്ത് | പ്രവർത്തിയുടെ പേര് | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|
| കൊട്ടാരക്കര | പൂയപ്പള്ളി | നാൽക്കവല- മീയ്യണ്ണൂർ- കോളമത്ത് റോഡ് | കരാറുകാരന് പ്രവൃത്തി ആരംഭിക്കാത്തതിന് എതിരെ ഷോകോസ് നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിനെതിരെ കരാറുകാരൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ് തിരിക്കുകയാണ്. |
| കൊട്ടാരക്കര | വെളിയം | മുള്ളമ്പാറ-കുടവട്ടൂർ റോഡ് | |
| കൊട്ടാരക്കര | എഴുകോൺ | ഇരുമ്പനങ്ങാട്-തുണ്ടിൽ കോളനി റോഡ് | കരാർ ടെർമിനേറ്റ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർദർഘാസ് ക്ഷണിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ കരാറുകാരൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. |
| വെട്ടിക്കവല | കുളക്കട | കളീലുവിള- എൻ.എസ്. എസ്. കരയോഗം - വള്ളക്കടവ് റോഡ് | കരാർ ടെർമിനേറ്റ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർദർഘാസ് ക്ഷണിച്ചിരുന്നതാണ്. കരാറുകാരൻ കോടതിയെ സമീപിച്ചതനുസരിച്ച് എംപവേർഡ് കമ്മിറ്റിക്ക് തീരുമാനിക്കാൻ ഉത്തരവാകുകയും 6 മാസത്തിനകം പണി പൂർത്തീകരിക്കണമെന്ന് എംപവേർഡ് കമ്മിറ്റി തീരുമാനിക്കു കയും ചെയ്തിട്ടുണ്ട്. |
| വെട്ടിക്കവല | മൈലം | അൽഫോൺസാ കാഷ്യു ഫാക്ടറി- ഞവരൂർ റോഡ് | |